"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം കോതമംഗലം മാർ ബേസിൽ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി നിയമനത്തിനുള്ള സെലക്ഷൻ കമ്മിറ്റിയിലേയ്ക്ക് സർക്കാർ പ്രതിനിധിയെ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.3971/2026/GEDN തീയതി,തിരുവനന്തപുരം, 16-06-2026

പരാമർശം:- 1) 20.06.2025 ലെ സ.ഉ.(സാധാ)നം.4048/2025/പൊ.വി.വ.

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.04.2026 ലെ HSE/671/2026-Acd C1 നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം ജില്ലയിലെ കോതമംഗലം മാർ ബേസിൽ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി (സുവോളജി) തസ്തികയിൽ നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേയ്ക്ക് സർക്കാർ പ്രതിനിധിയായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച പാനലിൽ ഉൾപ്പെട്ട ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ.സി.അജയകുമാർ (O/D Finance Cum Accounts Officer, Cochin Cancer Research Centre, Kalamassery, Ernakulam) നെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

2. സിംഗിൽ മാനേജ്മെന്റ് സ്കൂളായ കോതമംഗലം മാർ ബേസിൽ ഹയർ സെക്കന്ററി സ്കൂളിൽ നിലവിൽ 2 എച്ച്.എസ്.എസ്.ടി (ബോട്ടണി & സുവോളജി) ഒഴിവുകളാണ് ഉള്ളത്. ഇതിൽ എച്ച്.എസ്.എസ്.ടി (സുവോളജി) തസ്തികയിലാണ് നിയമനം നടത്തേണ്ടത്. ടി തസ്തികയിൽ ജൂനിയർ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ തസ്തികമാറ്റ നിയമനത്തിന് യോഗ്യരായ അധ്യാപകർ ആരും തന്നെ ഇല്ലാത്തതിനാലും എച്ച്.എസ്.ടി/യു.പി.എസ്.ടി തസ്തികയിൽ യോഗ്യരായ അധ്യാപകരില്ലാത്തതിനാലും ടി സ്കൂളിലെ എച്ച്.എസ്.എസ്.ടി (സുവോളജി) ആയിരുന്ന ശ്രീമതി മിനി തോമസ് 31.05.2025 ന് വിരമിച്ചതുമൂലം 01.06.2025 ൽ ഉണ്ടായ ഒഴിവ് നേരിട്ടുള്ള നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ടെന്ന് എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്കൂളിലെ എച്ച്.എസ്.എസ്.ടി (ബോട്ടണി) തസ്തിക ഭിന്നശേഷിയ്ക്കായി സംവരണം ചെയ്തിട്ടുള്ളതും ആയത് സമന്വയ പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുള്ളതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ടി തസ്തികയിലേയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എച്ച്.എസ്.എസ്.ടി (സുവോളജി) തസ്തികയിലെ അധ്യാപക നിയമനത്തിന് സർക്കാർ നോമിനിയായി നിയോഗിക്കുന്നതിനായി ശ്രീ.സി. അജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ് (O/D Finance Cum Accounts Officer, Cochin Cancer Research Centre, Kalamassery, Ernakulam) സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒഴിവ് സംജാതമായിട്ടുള്ള സാഹചര്യത്തിലും, തസ്തികമാറ്റ നിയമനത്തിന് യോഗ്യതയുള്ള അധ്യാപകർ ഇല്ലാത്ത സാഹചര്യത്തിലും, കോതമംഗലം മാർ ബേസിൽ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി (സുവോളജി) തസ്തികയിലെ ഒഴിവിലേയ്ക്ക് ഭിന്നശേഷി സംവരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളും കെ.ഇ.ആർ അദ്ധ്യായം XXXII ലെ ചട്ടങ്ങളും പാലിച്ച് നിയമനം നടത്തുന്നതിനായി അധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിലേയ്ക്ക് സർക്കാർ നോമിനിയായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് പാനലിൽ 18-ാം ക്രമ നമ്പരായി പേര് ഉൾപ്പെട്ടിട്ടുള്ള ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ.സി.അജയകുമാർ (O/D Finance Cum Accounts Officer, Cochin Cancer Research Centre, Kalamassery, Ernakulam) നെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കെ.ഇ.ആർ അദ്ധ്യായം XXXII ലെ ചട്ടങ്ങൾ, ഒഴിവുകൾ സംബന്ധിച്ച കൃത്യത, ഭിന്നശേഷി സംവരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചിട്ടുണ്ടെന്നും നിയമനാംഗീകാരം നൽകുന്നതിന് മുൻപ് എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

5. സെലക്ഷൻ പ്രക്രിയ സംബന്ധിച്ചുള്ള റിപ്പോർട്ട് ഇന്റർവ്യൂ തീയതി മുതൽ 15 ദിവസത്തിനകം സർക്കാർ പ്രതിനിധി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, എറണാകുളം.
മാനേജർ, മാർ ബേസിൽ ഹയർ സെക്കന്ററി സ്കൂൾ, കോതമംഗലം, എറണാകുളം.
ശ്രീ.സി.അജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്
(O/D Finance Cum Accounts Officer, Cochin Cancer Research Centre, Govt. Medical College Campus, HMT Colony, North Kalamassery, Ernakulam)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം,തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 16-06-2026 14:14:54

സെക്ഷൻ ഓഫീസർ